# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **December 2015** **No.9**

# എഡിറ്റോറിയൽ

ലോകം ഇന്നു മനുഷ്യരുടെ കൈക്കുള്ളിൽ ഒതുക്കുവാനുള്ള ആധുനിക കണ്ടുപിടിത്തങ്ങൾ ധാരാളം നടക്കുന്നു. വിവരസാങ്കേതിക വിജ്ഞാനത്തിൽ പല രാജ്യങ്ങളും പുരോഗമന പാതയിൽ നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു പറയാം. ഇവയെല്ലാം നല്ലതു തന്നെയാണ്. പക്ഷെ ആളുകൾക്ക് ഒഴിച്ചുകൂടാനാവാത്ത പരിജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് ആളുകൾ തിരിച്ചറിയാത്ത കാലത്തോളം മറ്റുള്ള അറിവെല്ലാം താൽക്കാലികമായി ഗുണം ചെയ്തേക്കാം. പക്ഷെ മനുഷ്യരെല്ലാവരും തിരിച്ചറിയേണ്ട മുഖ്യമായ കാര്യങ്ങൾ അവഗണിക്കപ്പെടുന്നതു കാണുമ്പോൾ വിഷമം തോന്നുന്നു. പരിഷ്ക്കാരത്തെയും പുരോഗമനത്തെയും ഇഷ്ടപ്പെടുന്ന ആളുകൾ നിരവധിയാണ്. എന്നാൽ ആളുകളുടെ വ്യക്തിത്വവികസനവും സ്വഭാവരൂപീകരണവും അപ്രസക്തമായിക്കൊണ്ടാണിരിക്കുന്നത്. മനുഷ്യൻ പണത്തെയും, സമ്പത്തിനെയും മൂല്യവസ്തുക്കളായി കാണുമ്പോൾ വ്യക്തിത്വത്തിനും സ്വഭാവത്തിനും വലിയ പ്രാധാന്യം കൊടുക്കുന്നില്ല. പ്രസിദ്ധിയും ഉയർച്ചയും ഭൗതികമായ വർദ്ധനവിൽകൂടെ നേടുവാൻ ആഗ്രഹിക്കുന്നവർ നിഷേധിക്കുന്നത് യഥാർത്ഥ ഉയർച്ചയാണ്. നമ്മിൽ ദൈവം കാണുവാനാഗ്രഹിക്കുന്ന ഉയർച്ച ആത്മികവും നിലനിൽക്കുന്നവയുമാണ്.

പരിമിതമായ ശാരീരിക ജീവിതത്തിന്റെ ഉദ്ദേശം എന്തെന്ന് ആളുകൾ അധികവും മനസിലാക്കുന്നില്ല. അതുകൊണ്ടാണ് ലൗകിക ഭ്രമത്തിൽ ആളുകൾ മതിമറക്കുന്നത്. ഭൗതികമായ ഒന്നിനും സ്ഥിരതയില്ല എന്നതു പരമാർത്ഥമാണ്. അതുകൊണ്ടുകൂടെയാണ് അവയിൽ ആശ്ര

യിക്കരുത് എന്നു നമ്മോട് പറഞ്ഞിരിക്കുന്നത്. ദൈവത്തിൽ വിശ്വാസമില്ലാത്തവരും വിശ്വാസമുണ്ടെന്നു പറയുന്നവരും നിലനിൽക്കുന്നവക്ക് പ്രാധാന്യം കൊടുക്കുന്നതിൽ പരാജയപ്പെടുന്നു. മനുഷ്യരെല്ലാവരും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്. ദൈവത്തോടുകൂടെ അവന്റെ മക്കളായി എന്നേക്കും ജീവിക്കുന്നതിനാണ് അവൻ നമ്മെ ഈ ഭൂമിയിൽ ആക്കിയത്. പക്ഷെ ദൈവത്തിന്റെ നല്ല ഉദ്ദേശത്തെ ആളുകൾക്ക് മനസിലാക്കി അതിൽ നിലനിൽക്കുവാൻ കഴിയുന്നില്ല. ദൈവത്തിനും മനുഷ്യർക്കും എതിരായി പ്രവർത്തിക്കുന്ന സാത്താന് മനുഷ്യരെ സ്വാധീനിക്കുവാൻ ദൈവം അനുവദിച്ചിരിക്കുകയാണ്. തൽഫലമായി ആളുകൾ അവന്റെ വഞ്ചനയിൽ കുടുങ്ങി പരാജയപ്പെടുന്നു. നമ്മുടെ മനസിനെ കുരുടാക്കുന്ന സാത്താന്റെ അദൃശ്യശക്തിയെ നാം ദൈവസഹായത്താൽ തിരിച്ചറിഞ്ഞ് അതിജീവിക്കണം.

സമൂഹം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ധാർമ്മിക ജീവിതവും ആത്മിക ജീവിതവുമാണ്. സത്യം ദൈവം തന്റെ അരുളപ്പാടുകളിൽകൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. ആധികാരികവും ദൈവശ്വാസിയവുമായ വചനം എക്കാലവും മനുഷ്യന്റെ വഴികാട്ടിയായിട്ടുണ്ട്. അത് പരിശോധിച്ച് കൈക്കൊള്ളുവാനുള്ള മനസാണ് നമുക്ക് വേണ്ടത്. ദൈവസന്നിധിയിൽ ഏതിനാണ് വിലയുള്ളത് എന്നു നാം വിലയിരുത്തണം. ആത്മാവും സത്യവുമായ ദൈവത്തിന്റെ സ്വഭാവം നമ്മിൽ ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനെതിരായി ശരീരവും ലോകവും നമ്മെ തെറ്റായ മോഹത്തിലേക്കും പാപത്തിലേക്കും തിരിച്ചുവിടും. അതുകൊണ്ട് ദൈവത്തിന്റെ വചനം നാം ശ്രദ്ധയോടെ കേൾക്കണം. അല്ലെങ്കിൽ തിരുവചനം വായിച്ച് ഗ്രഹിക്കണം. ഗുണവും ദോഷവും തിരിച്ചറിയുവാൻ നമുക്ക് ദൈവസഹായം ആവശ്യമാണ്. ഒരു വ്യക്തിയുടെ മരണത്തിനു മുൻപ് അയാൾ എപ്രകാരം ജീവിച്ചു എന്നതിനു പ്രതിഫലമുണ്ട്.

ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്ന യേശുവിനെ പാപപരിഹാരയാഗമാകേണ്ടതിന് അയക്കുകയും അവൻ തന്റെ പ്രവൃത്തി തികെച്ചു ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്തു. നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിച്ച് പാപങ്ങളിൽനിന്നു വിട്ടു മാറി യേശു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞ് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുമ്പോൾ കർത്താവ് അങ്ങനെയുള്ളവരെ രക്ഷിച്ചു തന്റെ സഭയോട് ചേർക്കും. തുടർന്നു മരണത്തോളം അവന്റെ വചനപ്രകാരം ജീവിച്ചാൽ നിത്യജീവൻ ലഭിക്കും.

✶

# നമുക്ക് എല്ലാവർക്കും പരിശു ദ്ധാത്മസ്നാനം ലഭിക്കുമോ?

## *J.C.* ചോട്ട്

ഇന്ന് മതപരമായ ലോകത്തിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട വിഷയങ്ങളിൽ ഒന്നാണ് പരിശുദ്ധാത്മ സ്നാനം. എന്താണ് പരിശുദ്ധാത്മ സ്നാനം? ആർക്കാണ് അത് വാഗ്ദാനം ചെയ്തത്? എന്നീ കാര്യങ്ങളെ സംബന്ധിച്ച് പുതിയ നിയമത്തിൽ വ്യക്തമായി അരുളിച്ചെയ്ത വേദഭാഗങ്ങളെ ഓരോരുത്തരും വായിച്ച് ഗ്രഹിക്കണം. കർത്താവിനെ കൈക്കൊള്ളുമ്പോൾ അഥവാ അവനെ അനുസരിക്കുമ്പോൾ പരിശുദ്ധാത്മ സ്നാനം ലഭിക്കുന്നു അല്ലെങ്കിൽ ലഭിക്കണം എന്നാണ് അനേകം പേർ വിശ്വസിക്കുന്നത്. അങ്ങനെ അവർക്ക് അപ്പൊസ്തലന്മാർക്ക് കഴിഞ്ഞതുപോലെ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയും എന്നുമാണ് അവർ ധരിച്ചു വെച്ചിരിക്കുന്നത്. അവർക്കും മറ്റുള്ളവർക്കും അതിനു കഴിയുമെന്നതിനു തെളിവായി അവർ എടുക്കുന്ന വേദഭാഗമാണ് അപ്പൊസ്തല പ്രവൃത്തികൾ 1:15. അവർ പറയുന്നത് പ്രവൃത്തികൾ 2:14 ൽ അപ്പൊസ്തലന്മാർക്ക് കഴിഞ്ഞതുപോലെ മുൻപ് കൂടിവന്ന 120 പേർക്കും അതിനു കഴിഞ്ഞു എന്നാണ് അവർ വാദിക്കുന്നത്.

ദയവായി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളും പരിഗണിക്കുക. കർത്താവ് ഈ ലോകം വിട്ട് പോകുന്നതിന് മുൻപ് അവൻ ആർക്കായിരുന്നു പരിശുദ്ധാത്മാവിനെ അഥവാ കാര്യസ്ഥനെ വാഗ്ദാനം ചെയ്തത്? "ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെ കുറിച്ചു സാക്ഷ്യം പറയും. നിങ്ങളും ആദ്യം മുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ (120 പേർ അവനോടുകൂടെ ആദിമുതൽ ഇല്ലായിരുന്നു) (യോഹ. 15:26, 27). വീണ്ടും അവൻ പതിനൊന്നു അപ്പൊസ്തലന്മാരോടുകൂടെ ഇരിക്കുമ്പോൾ അവരോട് പറഞ്ഞിരുന്നു. തന്റെ സ്വർഗാരോഹണത്തിനു തൊട്ടു മുൻപ് ഒലിവു മലയിൽ വെച്ച് അവൻ അവരോട് പറഞ്ഞു, "എന്റെ പിതാവ്

വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്ന് അവരോട് പറഞ്ഞു" (ലൂക്കൊസ് 24:49). അപ്പൊസ്തലപ്രവൃത്തികൾ 1:8 ൽ വായിക്കുന്നത്, എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. രണ്ടാമത് നാം ചോദിക്കേണ്ട ചോദ്യം അപ്പൊസ്തല പ്രവൃത്തികൾ ഒന്നാം അദ്ധ്യായത്തിൽ പറയുന്ന 120 പേർക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചുവോ? അപ്പൊസ്തല പ്രവൃത്തികൾ ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിച്ചാൽ അവിടെ മുഖ്യമായും പ്രതിപാദിച്ചിരിക്കുന്നത് അപ്പൊസ്തലന്മാരെ കുറിച്ചാണ് എന്ന കാര്യത്തിൽ ആർക്കും സംശയം കാണുകയില്ലല്ലൊ.

തിരുവെഴുത്തിന്റെ മൂലഗ്രന്ഥത്തിൽ ആദ്യം അദ്ധ്യായങ്ങളായി തിരിച്ചിരുന്നില്ല. അതിൽ ഇങ്ങനെയാണ് പ്രവൃത്തികൾ 1:26 നു ശേഷം വായിക്കുന്നത്, അവർ യൂദായ്ക്ക് പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തു, "അവൻ പതിനൊന്ന് അപ്പൊസ്തലന്മാരോടുകൂടെ എണ്ണപ്പെട്ടു. പെന്തെക്കൊസ്തു നാൾ വന്നപ്പോൾ അവർ എല്ലാവരും (അപ്പൊസ്തലന്മാർ) ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു.... എല്ലാവരും (അപ്പൊസ്തലന്മാർ)പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി (പ്രവർത്തികൾ 2:1-4). അവർ വിവിധ ഭാഷകളിൽ സംസാരിച്ചതു കേട്ടവർക്കെല്ലാം വിസ്മയമായിട്ട് അവർ ചോദിച്ചു, "എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു, ഈ സംസാരിക്കുന്നവരെല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നത് എങ്ങനെ?(പ്രവൃത്തികൾ 2:7). 120 പേരെല്ലാം ഗലീലക്കാർ ആയിരുന്നില്ല, മറിച്ച് അപ്പൊസ്തലന്മാർ എല്ലാവരും ഗലീലക്കാർ ആയിരുന്നു. പരിശുദ്ധാത്മാവ് ശക്തിയോടുകൂടെ വരുമെന്ന് പറഞ്ഞത് അവരോടായിരുന്നു. അവർക്കായിരുന്നു അത്ഭുതശക്തി ലഭിച്ചത്. ശിഷ്യന്മാരെല്ലാവരും അപ്പൊസ്തലന്മാരായി അറിയപ്പെട്ടിരുന്നില്ല, പന്തിരുവരായിരുന്നു അപ്പൊസ്തലന്മാരായി അറിയപ്പെട്ടിരുന്നത്.

പ്രവൃത്തികൾ 2:38 ൽ പുരുഷാരത്തോട് വാഗ്ദാനം ചെയ്ത

പരിശുദ്ധാത്മാവ് എന്ന ദാനവും പരിശുദ്ധാത്മശക്തിയും ഒന്നാണോ? അല്ല എന്നതാണ് ഉത്തരം. തിരുവചനപ്രകാരം സ്നാനം ഏൽക്കുമ്പോൾ പാപമോചനവും പരിശുദ്ധാത്മാവ് എന്ന ദാനവും സകല മനുഷ്യർക്കുമായി വാഗ്ദാനം ചെയ്തതാണ്. കർത്താവ് തന്നെ അനുസരിക്കുന്നവർക്കായി വാഗ്ദാനം ചെയ്തിരിക്കുന്നതാണ് പരിശുദ്ധാത്മാവ് എന്ന ദാനം. ഒന്ന് പരിശുദ്ധാത്മാവ് എന്ന ദാനവും മറ്റേത് പരിശുദ്ധാത്മാവിന്റെ ശക്തിയുമാണ്. ആത്മിയമായി സ്നാനം ഏൽക്കുന്ന എല്ലാവർക്കും ലഭിക്കുന്ന പരിശുദ്ധാത്മാവ് ക്രിസ്ത്യാനിയിൽ വസിക്കുന്നതിനാണ് നൽകുന്നത് (പ്രവൃത്തികൾ 5:32).

പെന്തെക്കൊസ്തുനാളിൽ വചനം അനുസരിച്ച എല്ലാവർക്കും പരിശുദ്ധാത്മ ശക്തി ലഭിച്ചു എന്നാണ് ചില ആളുകൾ ധരിച്ചു വച്ചിരിക്കുന്നത്. അത് ശരിയല്ല. പിന്നീട് പ്രവൃത്തികൾ ആറാം അദ്ധ്യായത്തിൽ ശുശ്രൂഷ ചെയ്യുവാൻ തിരഞ്ഞെടുത്ത ശിഷ്യന്മാരുടെ മേൽ അപ്പൊസ്തലന്മാർ കൈവെച്ച ശേഷമാണ് അവർക്ക് അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവ് ലഭിച്ചത്, അത്ഭുത ശക്തി അപ്പൊസ്തലന്മാർക്കും അപ്പൊസ്തലന്മാർ കൈവെച്ചവർക്കും മാത്രമായിരുന്നു ലഭിച്ചിരുന്നത് എന്ന് അപ്പൊസ്തല പ്രവൃത്തികൾ വായിച്ചാൽ ഗ്രഹിക്കുവാൻ കഴിയും. വാസ്തവത്തിൽ പരിശുദ്ധാത്മ സ്നാനം ലഭിച്ചത് അപ്പൊസ്തലന്മാർക്ക് മാത്രമായിരുന്നു. മറ്റുള്ളവർ വചനപ്രകാരം സ്നാനം ഏൽക്കുമ്പോൾ അവർക്ക് പാപമോചനവും പരിശുദ്ധാത്മാവ് എന്ന ദാനവുമാണ് ലഭിക്കുന്നത്. പരിശുദ്ധാത്മാവിനെ ഓരോ ക്രിസ്ത്യാനിയിലും വസിക്കുവാനാണ് ദൈവം നൽകുന്നത്, അതിനു വേണ്ടി നാം മറ്റൊന്നും ചെയ്യേണ്ടതായിട്ടില്ല. ഇന്ന് നാം എത്ര ഉപവസിച്ചാലും കാത്തിരുന്നാലും പരിശുദ്ധാത്മാവിന്റെ ശക്തിയോ പരിശുദ്ധാത്മ സ്നാനമോ ലഭിക്കുകയില്ല എന്നു തിരുവെഴുത്ത് നമ്മെ ബോധ്യമാക്കുന്നു. ഇത് പറയുമ്പോൾ ഞങ്ങൾ ആത്മാവ് ഇല്ലാത്തവർ എന്ന് പറഞ്ഞു ചിലർ ആക്ഷേപിച്ചേക്കാം. പക്ഷെ സത്യം സത്യം തന്നെയാണ്.

അപ്പൊസ്തലന്മാർ പ്രവൃത്തികൾ ആറാം അദ്ധ്യായത്തിൽ തിരഞ്ഞെടുക്കുവാൻ പറഞ്ഞ ആളുകൾ ആത്മാവും ജ്ഞാനവും നിറഞ്ഞവരായിരുന്നു എന്നോർക്കുക. അവരുടെ മേൽ അപ്പൊസ്തലന്മാർ കൈവെച്ചപ്പോൾ അവർക്ക് അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവ് ലഭിച്ചതായി വചനം സാക്ഷ്യപ്പെടുത്തുന്നു. വചനത്തിന്റെ ആധി

കാരികതയിൽ വിശ്വസിക്കുന്നവർക്ക് ഈ തെളിവ് ധാരാളം മതിയാകും. പരിശുദ്ധാത്മ സ്നാനം ആദ്യമായി പെന്തെക്കൊസ്തു നാളിൽ യെഹൂദന്മാർക്കും പിന്നീട് ജാതികൾക്ക് ആദ്യമായി കൊർന്നെല്യോസിന്റെ ഭവനത്തിലുള്ളവർക്കും ലഭിച്ചിരുന്നു. അത് യെഹൂദന്മാരോടൊപ്പം ജാതികളെയും ദൈവം അംഗീകരിക്കുമെന്ന് അവരെയും അപ്പൊസ്തലന്മാരെയും ബോധ്യമാക്കി കൊടുക്കുന്നതിനായിരുന്നു. അതായത് ദൈവത്തിന് മുഖപക്ഷമില്ല എന്നും ഏതു ജാതിയിൽപെട്ടവരെയും കർത്താവിന്റെ പുതിയനിയമത്തിൽ വിശ്വസിക്കുന്നവരെ ദൈവം കൈക്കൊള്ളും എന്നതിന്റെ ദൃഷ്ടാന്തമായിരുന്നു അത്. ഈ രണ്ട് സന്ദർഭത്തിലും നടന്നത് അത്ഭുതകരമായ പ്രദർശനം ആയിരുന്നു. അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുവാൻ യേശു തന്റെ ശിഷ്യന്മാർക്ക് അധികാരം നൽകിയിരുന്നു. പക്ഷെ പരിശുദ്ധാത്മ സ്നാനം എന്നു പറയുന്നത് അപ്പൊസ്തലന്മാർക്ക് മാത്രമായി വാഗ്ദാനം ചെയ്തിരുന്നതാണ്.

അവരോടായിരുന്നു ശക്തി ലഭിക്കുവാൻ നഗരത്തിൽ കാത്തിരിക്കുവാൻ ആവശ്യപ്പെട്ടത്. യേശുവിന്റെ ജീവിതവും മരണവും ഉയർപ്പും കണ്ട ദൃക്സാക്ഷികളായിരുന്നു അവർ. അവർ ഭൂമിയുടെ അറ്റത്തോളവും യേശുവിന്റെ സാക്ഷികളായി പ്രഖ്യാപിക്കേണ്ടിയിരുന്നു. ദൈവ വചനം സത്യമാണ്, ആ വചനം എഴുതി നൽകുന്നതിനു മുൻപ് അതിനെ ഉറപ്പിച്ചു നൽകുവാൻ അവർ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തത് പരിശുദ്ധാത്മാവിന്റെ ശക്തിയാലായിരുന്നു. ദൈവത്തിന്റെ ആത്മാവ് വിവിധ രീതിയിൽ പ്രവർത്തിച്ചിരുന്നു. അപ്പൊസ്തലന്മാരിൽ അവൻ കാര്യസ്ഥനായിരുന്നു. ദൈവത്തിനു കീഴ്പ്പെട്ടു ഭയം കൂടാതെ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കയും ആത്മാവിന്റെ നിർദ്ദേശങ്ങൾ അങ്ങനെ തന്നെ നടപ്പാക്കുകയും ചെയ്തു. അവർ അന്യഭാഷകളിൽ സംസാരിച്ചത് പരിശുദ്ധാത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതിനാലായിരുന്നു. അവർ എന്തു പറയേണം എന്നു പഠിക്കേണ്ട ആവശ്യമില്ലായിരുന്നു. പറയേണ്ടത് ആ നാഴികയിൽ പരിശുദ്ധാത്മാവ് അവരെ ബോധ്യപ്പെടുത്തുകയും വചനം സംസാരിക്കുവാനും എഴുതുവാനും പരിശുദ്ധാത്മാവ് അവരെ ശക്തീകരിക്കയും ചെയ്തു.

# ക്രിസ്ത്യാനികൾ തിരഞ്ഞെടുക്കപ്പെട്ടവരാണ്

## ക്ലെം തർമാൻ

സഭ എന്ന വാക്ക് നമുക്ക് ലഭിച്ചിരിക്കുന്നത് എക്ലേസിയ എന്ന ഗ്രീക്കു പദത്തിൽനിന്നാണ്, അതിന്റെ അർത്ഥം വിളിച്ച് വേർതിരിക്കപ്പെട്ടവർ എന്നാണ്. ദൈവം സുവിശേഷത്താലാണ് മനുഷ്യരെ രക്ഷക്ക് വിളിക്കുന്നത് (2 തെസ്സലൊനിക്യർ 2:14). സുവിശേഷം സകല മനുഷ്യരിലേക്കും ദൈവം എത്തിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല. സർവ്വ മനുഷ്യരും രക്ഷ പ്രാപിക്കണം എന്നതാണ് ദൈവേഷ്ടം. അതിനുവേണ്ടിയായിരുന്നു അവൻ തന്റെ ഏകജാതനെ ഈ ഭൂമിയിലേക്ക് അയച്ചത്. താൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നു കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു. എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപിക്കും എന്നും ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നു (യോഹന്നാൻ 6:44-45). പിതാവിൽനിന്നു കേട്ടു പഠിക്കുക എന്നാൽ വചനം കേട്ടു പഠിക്കുക എന്നാണ് അർത്ഥം. നാം ദൈവ വചനം കേൾക്കുമ്പോൾ നാം ദൈവത്താൽ ഉപദേശിക്കപ്പെടുന്നു; അങ്ങനെയാണ് നാം സുവിശേഷത്താൽ വിളിക്കപ്പെടുന്നത്. വിളിച്ചു വേർതിരിക്കപ്പെട്ടവരെ കുറിച്ച് വിവരിക്കുന്ന മനോഹരമായ ഒരു വേദഭാഗം പുതിയ നിയമത്തിലുണ്ട്.

“നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനം അല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം. കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നെ. അവൻ ക്രിസ്ത്യാനികളെ വിളിച്ചു വേർതിരിച്ചിരിക്കുന്നതിനാൽ അവർ ആരാണെന്നും എന്തെല്ലാം മാറ്റങ്ങൾ അവരിൽ സംഭവിച്ചിരിക്കുന്നു എന്നും ആ വേദഭാഗത്തിൽ വ്യക്തമാക്കിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജാതി, വംശം, ജനം എന്നെല്ലാം മാറി മാറി ഉപയോഗിച്ചിരിക്കുന്നത്

ഒരേ ആളുകളെയാണ്. പഴയ നിയമ കാലത്ത് യിസ്രായേൽ ആയിരുന്നു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം. അവർ ദൈവത്തിനു പ്രത്യേകതയുള്ളവരായിരുന്നു. "നിങ്ങൾ നിങ്ങളുടെ യഹോവക്ക് മക്കൾ ആകുന്നു, നിന്റെ ദൈവമായ യഹോവക്ക് നീ വിശുദ്ധജനമല്ലോ. ലോകത്തിലുള്ള സകല ജാതികളിലും വെച്ച് തനിക്ക് സ്വന്ത ജനം ആയിരിപ്പാൻ യഹോവ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു" (ആവർത്തനപുസ്തകം 14:1, 2). ദൈവം അവരെ തിരഞ്ഞെടുത്തതുകൊണ്ട് അവർ മറ്റു ജാതികളേക്കാൾ വ്യത്യസ്തരായിരുന്നു. അവരോട് ദൈവം ഇടപെട്ടിരുന്നത് പ്രത്യേകതയോടുകൂടിയായിരുന്നു. ദൈവത്തിന്റെ ഉദ്ദേശം അവരിൽകൂടെ നിറവേറ്റുവാനായിരുന്നു ദൈവം അങ്ങനെ ചെയ്തത്. പക്ഷെ ദൈവത്തിന്റെ ഉദ്ദേശം മനസിലാക്കുവാൻ അവർക്ക് കഴിഞ്ഞില്ല.

"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്ന് അവിശ്വാസമുള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ" (എബ്രായർ 3:12). അവിശ്വാസം നിമിത്തം അനുസരിക്കാതിരുന്ന യിസ്രായേൽ ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുകയായിരുന്നു ചെയ്തത്. യെഹൂദന്മാർ പരാജയപ്പെടുവാനുള്ള കാരണവും മറ്റൊന്നായിരുന്നില്ല. സാത്താന്റെ ശക്തിയോടു പോരാടിക്കൊണ്ടിരുന്ന ക്രിസ്ത്യാനികൾക്ക് അപ്പൊസ്തലനായിരുന്ന യോഹന്നാൻ എഴുതി, "അവർ കുഞ്ഞാടിനോട് പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ട് കുഞ്ഞാട് തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും" (വെളിപ്പാട് 17:14). ഇന്നു ക്രിസ്ത്യാനികളെ ദൈവം തിരഞ്ഞെടുക്കുന്നതുപോലെ ആയിരുന്നു അന്ന് ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തത്.

പഴയ നിയമകാലത്ത് പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാൻ ദൈവം ഒരു ഗോത്രത്തെ മാറ്റി നിർത്തിയിരുന്നു. അത് ലേവ്യാ ഗോത്രമായിരുന്നു. അവരുടെ ശുശ്രൂഷ എപ്രകാരം ആയിരിക്കണമെന്ന് ദൈവം നിഷ്ക്കർഷിച്ചിരുന്നു. "പിന്നെ ലേവ്യരായ പുരോഹിതന്മാർ അടുത്തു ചെല്ലേണം; അവരെയല്ലോ നിന്റെ ദൈവമായ യഹോവ തനിക്ക് ശുശ്രൂഷ ചെയ്യുവാനും യഹോവയുടെ നാമത്തിൽ അനുഗ്രഹിപ്പാനും തിരഞ്ഞെടുത്തിരിക്കുന്നത്; അവരുടെ വാക്കുകളിൻപ്രകാരം സകലവ്യവഹാരവും അടികലശവും തീർക്കേണ്ടതാകുന്നു"

(ആവർത്തനപുസ്തകം 21:5). മഹാപുരോഹിതന്മാർ തൊട്ട് സകല പുരോഹിതന്മാരെയും തിരഞ്ഞെടുത്തത് ലേവ്യാ ഗോത്രത്തിൽനിന്നു മാത്രമായിരുന്നു. എന്നാൽ പുതിയ നിയമത്തിലേക്ക് വരുമ്പോൾ നാം വായിക്കുന്നു, "എന്നാൽ പൗരോഹിത്യം മാറി പോകുന്നപക്ഷം ന്യായപ്രമാണത്തിനുകൂടെ മാറ്റം വരുവാൻ ആവശ്യമായിരിക്കുന്നു" (എബ്രായർ 7:12). ന്യായപ്രമാണം അനുസരിച്ച് യേശു ഭൂമിയിലായിരുന്നപ്പോൾ പുരോഹിതൻ ആകുവാൻ സാധ്യമല്ലായിരുന്നു (എബ്രായർ 7:8; 8:4). എന്നാൽ പുതിയ നിയമത്തിൽ യേശു മൽക്കിസെദേക്കിന്റെ ക്രമപ്രകാരം മഹാ പുരോഹിതനായിരിക്കുന്നു (എബ്രായർ 7:25; 8:4).

പുതിയ നിയമത്തിന്റെ സവിശേഷതയനുസരിച്ച് യേശു നമ്മുടെ മഹാപുരോഹിതനും ക്രിസ്ത്യാനികളെല്ലാവരും പുരോഹിതന്മാരും ആകുന്നു. പഴയ നിയമ പുരോഹിതന്മാർ ദൈവത്തിന് വഴിപാടും യാഗവും അർപ്പിച്ചിരുന്നു. പുതിയനിയമ വിശ്വാസികളും ദൈവത്തിന് യാഗം കഴിക്കേണ്ടിയിരിക്കുന്നു. "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗമായി പണിയപ്പെടുന്നു" (1 പത്രൊസ് 2:5). ആ ആത്മികയാഗങ്ങൾ എന്തെല്ലാമെന്നു ബൈബിൾ പറയട്ടെ. "സഹോദരന്മാരേ ഞാൻ ദൈവത്തിന്റെ മനസലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1). നാം ദൈവത്തിനായി ചെയ്യുന്ന ഏതൊരു സേവനവും ആത്മിക യാഗമാണ്. "ഞങ്ങളുടെ ദൈവത്തിന്ന് അവരെ രാജ്യവും പുരോഹിതന്മാരുമാക്കി വെച്ചു. അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു" (വെളിപ്പാട് 5:10).

യിസ്രായേൽ മക്കൾ ദൈവത്തിൻകീഴിൽ ഒരു വിശുദ്ധജനമായിരുന്നതുപോലെ ഇന്ന് ക്രിസ്ത്യാനികൾ യേശുക്രിസ്തുവിൽ വിശുദ്ധജനമാണ്. "നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യക്ഷതക്കായിട്ടും ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭ

ക്തിയോടുംകൂടെ ജീവിച്ചുപോരേണ്ടതിന്നു അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു" (തിത്തൊസ് 2:12-14). സഭയെ അപ്പൊസ്തലനായ പൗലൊസ് ദൈവത്തിന്റെ മന്ദിരമായി വിശേഷിപ്പിച്ചിരിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയൊ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ; നിങ്ങളും അങ്ങനെ തന്നെ (1 കൊരിന്ത്യർ 3:16, 17). വീണ്ടും ക്രിസ്തീയ ജീവിതത്തിന്റെ പ്രസക്തി വിവരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലൊ. നാം ഈ ലോകത്തിൽ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ വേണം ജീവിക്കുവാൻ" (തിത്തൊസ് 2:11, 12).

വ്യക്തികളായ ക്രിസ്ത്യാനികളും മൊത്തത്തിൽ സഭയും വിശുദ്ധമായിരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. "നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. അവൻ വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്ന് എഴുതിയിരിക്കുന്നുവല്ലൊ" (1 പത്രൊസ് 1:15, 16). നാം വിശുദ്ധിയും വെടിപ്പും ഉള്ളവരായി കാണപ്പെടുവാനാണ് യേശു നമ്മെ തന്റെ രക്തത്താൽ വിശുദ്ധീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ജീവിതത്തിലെ എല്ലാ നടപ്പിലും നാം വിശുദ്ധരായിരിക്കണം. നാം ദൈവത്തിന്റെ ജനമാണ്. നാം വിലെക്കു വാങ്ങപ്പെട്ടവരാകയാൽ നാം നമുക്കുള്ളവരല്ല, ദൈവത്തിനുള്ളവരാണ് (പ്രവൃത്തികൾ 20:28). നാം നയിക്കേണ്ട വിശുദ്ധ ജീവിതത്തെ കുറിച്ചു ദൈവം വെളിപ്പെടുത്തിയിരിക്കുന്ന യാഥാർത്ഥ്യം നോക്കുക. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യർ 6:19, 20).

ക്രിസ്തു ക്രിസ്ത്യാനികളെ വിലെക്കു വാങ്ങിയിരിക്കയാൽ സൽപ്രവൃത്തിയിൽ നാം ശുഷ്ക്കാന്തിയുള്ളവരായിരിക്കണം.

അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "ക്രിസ്ത്യാനികൾ ജീവിക്കുന്നുവെങ്കിൽ കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു; അതുകൊണ്ട് നാം ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിനുള്ളവർ തന്നെ" (റോമർ 14:8). നാം ദൈവത്തിനും ക്രിസ്തുവിനും ഉള്ളവരാണെങ്കിൽ, നാം അവനെ പ്രസാദിപ്പിക്കുന്നവരും അവനായി ജീവിക്കുന്നവരുമായിരിക്കും. ദൈവത്തിന്റെ അത്ഭുത പ്രകാശത്തിലേക്കാണ് നമ്മെ കൊണ്ടുവന്നിരിക്കുന്നത്. കാരണം നാം ഒരിക്കൽ ഇരുട്ടിലായിരുന്നു. വെളിച്ചം നമ്മിൽ ഒട്ടുമില്ലായിരുന്നു. എന്നാൽ ഇപ്പോൾ നാം അത്ഭുതപ്രകാശത്തിലായിരിക്കുന്നു. ക്രിസ്തു ഈ ലോകത്തിലായിരുന്നപ്പോൾ ലോകത്തിനു വെളിച്ചമായിരുന്നു. ക്രിസ്തുവിലായി തീർന്നവർ ലോകത്തിനു പ്രകാശം നൽകണം.

"ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നുള്ളത് ഞങ്ങൾ അവനോട് കേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. അവനോട് കൂട്ടായ്മ ഉണ്ടെന്നു പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്ക് പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:5-7). തന്റെ ശിഷ്യന്മാരോട് യേശു പറഞ്ഞത് നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നാണ് (മത്തായി 5:14). "ഇരുട്ടിൽനിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നു" (2 കൊരിന്ത്യർ 4:6). വെളിച്ചം ദൈവത്തിന്റെ മേഖല ആയിരിക്കുന്നതുപോലെ തിരുവെഴുത്തിൽ ഇരുട്ട് സാത്താന്റെ മേഖലയായിട്ടാണ് പറഞ്ഞിരിക്കുന്നത്.

"നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുട്ടിനും ഉള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെ പോലെ ഉറങ്ങാതെ സുബോധമുള്ളവരായിരിക്ക" (1 തെസ്സലൊനിക്യർ 5:5, 6). വെളിച്ചത്തിന്റെ മക്കളായി വേണം നാം

ദുഷ്ടനോട് പോരാടുവാൻ. ക്രിസ്ത്യാനികൾ ഇപ്പോൾ കരുണ ലഭിച്ചവരാണ്. എല്ലാവരും പാപം ചെയ്തു ദൈവതേജസ് നഷ്ടപ്പെട്ടവരാണ് (റോമർ 6:23). ദൈവനീതിക്ക് നാം ആരും അർഹരായിരുന്നില്ല. നാം നമ്മുടെ പാപത്തിന് ശിക്ഷിക്കപ്പെടേണ്ടവരായിരുന്നു. ദൈവകൃപയാലായിരുന്നു നാം ഓരോരുത്തരും രക്ഷിക്കപ്പെട്ടത് (എഫെസ്യർ 2:8). ദൈവകൃപ യേശുക്രിസ്തുവിൽ മാത്രമാണുള്ളത്. "എങ്കിൽ എല്ലാവർക്കും വേണ്ടി ദൈവകൃപയാൽ മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അൽപം ഒരു താഴ്ന്നവനായ യേശു മരണം അനുഭവിച്ചുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു" (എബ്രായർ 2:9). "എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല തന്റെ കരുണാധിക്യപ്രകാരമത്രെ രക്ഷിച്ചത്" (തിത്തൊസ് 3:4, 5). നമുക്ക് സൽപ്രവൃത്തികളോ നന്മയോ ചെയ്തു ദൈവത്തിന്റെ കൂട്ടായ്മയിൽ പ്രവേശിക്കുവാൻ സാധ്യമല്ല.

ദൈവത്തോട് നിരപ്പ് പ്രാപിക്കുവാനും അവനിൽനിന്നു പാപമോചനം ലഭിക്കുവാനും നാം അവന്റെ കരുണയിൽ ആശ്രയിക്കുക എന്നതു മാത്രമെ നമുക്ക് മുൻപിൽ ഉള്ളു. അപ്പൊസ്തലനായിരുന്ന പത്രൊസ് എഴുതി, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നു" (1 പത്രൊസ് 1:3-5). അങ്ങനെ അവന്റെ കരുണയാൽ നാം രക്ഷിക്കപ്പെടുക മാത്രമല്ല, തുടർന്നും അവന്റെ കരുണയാൽ കാക്കപ്പെടുകയും ചെയ്യുന്നു എന്നത് മഹത്തായ കാര്യമാണ്.

"അതെ നിങ്ങളോ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9).

✶

# സ്വർഗീയമായ അപ്പം

## ജോണി രാംസേ

നമ്മുടെ ജീവനുള്ള ദൈവം സ്വർഗത്തിനും ഭൂമിക്കും നാഥനാണ് എന്നു നമുക്ക് അറിയാമല്ലോ. അവനാണ് തന്റെ സാദൃശ്യത്തിൽ നമ്മെ സൃഷ്ടിച്ചത്. നമ്മെ നിലനിർത്തുന്നതും പോറ്റി പുലർത്തുന്നതും അവനാണ്. യോഹന്നാൻ ആറാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ പ്രസിദ്ധമായ ഒരു പ്രസംഗം ഉൾപ്പെടുത്തിയിരിക്കുന്നു. “സ്വർഗത്തിൽ നിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു” എന്ന് ക്രിസ്തു ആ ഭാഗത്ത് പറയുന്നു. പഴയ നിയമകാലത്ത് മരുഭൂമിയിൽ കൂടെ സഞ്ചരിച്ച യെഹൂദന്മാർക്ക് ദൈവം സ്വർഗത്തിൽനിന്ന് മന്നാ പൊഴിച്ചുകൊടുത്തു. അത് ഭക്ഷിച്ചായിരുന്നു അവരുടെ യാത്ര. പിന്നീട് ഏഴാം അദ്ധ്യായത്തിൽ അവന്റെ സഹോദരന്മാർ അവനോട് പറഞ്ഞത്, “നീ ചെയ്യുന്ന പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന്ന് ഇവിടം വിട്ട് യെഹൂദ്യയിലേക്ക് പോക. പ്രസിദ്ധനാകുവാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ; നീ ഇത് ചെയ്യുന്നു എങ്കിൽ ലോകത്തിന്നു നിന്നെത്തന്നെ വെളിപ്പെടുത്തുക എന്നു പറഞ്ഞു” (യോഹന്നാൻ 7:4, 5).

കൂടാരപ്പെരുന്നാളിന് യെരുശലേം ദൈവാലയത്തിൽ ചെന്ന യേശു, താൻ പിതാവിന്റെ ആലയത്തെ എങ്ങനെ കാണുന്നു എന്നു വെളിപ്പെടുത്തി. അവൻ പെരുന്നാളിന് ചെന്ന് ജനത്തെ ഉപദേശിക്കുവാൻ തുടങ്ങി. അവന്റെ ഉപദേശം കേട്ട ജനങ്ങൾ വിസ്മയിച്ചു. അതുപോലെ മറ്റൊരാൾ സംസാരിക്കുന്നത് അവർ കേട്ടിട്ടില്ല എന്നതായിരുന്നു അവരുടെ പ്രതികരണം. സുവിശേഷങ്ങൾ വിവരിക്കുന്ന മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിൽ മനോഹരമായ ഒരു വാക്യമാണ്, “യേശു പിന്നെയും അവരോട് സംസാരിച്ചു; ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും എന്നു പറഞ്ഞു” (യോഹന്നാൻ 8:12). സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്ന് കർത്താവ് യെഹൂദന്മാരോട് പറഞ്ഞു (യോഹന്നാൻ 8:32). സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനായിരുന്നു യേശു വന്നത്. അവന്റെ സാക്ഷ്യത്തെ പിതാവായ ദൈവം സ്ഥിരീകരിക്കയും ചെയ്തിരുന്നു. യോഹന്നാൻ ഒമ്പതാം അദ്ധ്യായത്തിൽ യേശു പിറവിയിലേ കുരുടനായിരുന്ന ഒരാൾക്ക് ശാരീരിക സൗഖ്യം നൽകി. പിന്നീട് അയാളുടെ ആത്മികമായ അന്ധതയെ അവൻ ദൂരീകരിച്ചു.

യോഹന്നാൻ 10:10 ൽ മറ്റൊരു പ്രധാന പ്രസ്താവന വായിക്കു

ന്നു."മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്." മരിച്ച ലാസറിന്റെ കല്ലറക്കൽ ചെന്ന് യേശു പറഞ്ഞു, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" യോഹന്നാൻ 11:25). എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ക്രിസ്തുവിനെയും അവന്റെ സന്ദേശത്തിന്റെ പ്രാധാന്യത്തെയും യോഹന്നാൻ 14:6 ൽ വ്യക്തമാക്കിയിരിക്കുന്നു. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്ന് ആധികാരികമായി ക്രിസ്തു അല്ലാതെ മറ്റാരും പറയുന്നില്ല. ക്രിസ്ത്യാനിത്വത്തിന്റെ പ്രായോഗികത യോഹന്നാൻ പതിനഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും; പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. പിന്നീട് അവൻ തന്റെ ശിഷ്യന്മാർക്കു വേണ്ടിയും അവരുടെ വാക്കുകൾ കൈക്കൊണ്ട് അവനിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നു. "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു" (യോഹന്നാൻ 17:17). എന്റെ രാജ്യം ഐഹികമല്ല അത് ആത്മികമാണ് എന്ന് അവൻ പൊന്തിയോസ് പിലാത്തോസിനോട് തുറന്നു പറഞ്ഞു. കാരണം യെഹൂദന്മാർ മശിഹയുടെ ഭൗതികമായ രാജ്യത്തെ ആണ് കാംക്ഷിച്ചിരുന്നത്. സ്വർഗത്തിനും ഭൂമിക്കും മദ്ധ്യേ ക്രൂശിൽ തൂങ്ങി കിടക്കുമ്പോൾ യേശു പറഞ്ഞത് അത് പൂർത്തിയായി എന്നാണ്. താൻ എന്തിനു വേണ്ടി സ്വർഗത്തിൽനിന്നു വന്നുവോ ആ പ്രവൃത്തി അവൻ തികെച്ചു എന്നർത്ഥം (യോഹന്നാൻ 19:30). ക്രൂശിൽ തറെച്ച യേശുവിന്റെ മൃതശരീരം ഒരു കല്ലറയിൽ അടക്കി. അധികാരികളെക്കൊണ്ട് കല്ലറ ഉറപ്പാക്കി. എന്നിട്ടും യേശു മരിച്ചവരിൽനിന്നും മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുപോയി. സ്വർഗിയനെ ഭൗതിമായി ആർക്കും തടഞ്ഞുവെക്കുവാൻ സാധ്യമല്ല. സ്വർഗത്തിൽനിന്നും ഇറങ്ങി വന്ന യേശു ജഡമെടുത്ത് പാർത്തതും ജീവിച്ചതുമെല്ലാം അവൻ മൂലം ആളുകൾ ദൈവത്തിങ്കലേക്കു പ്രവേശിക്കുന്നതിനായിരുന്നു. എന്റെ മാംസം തിന്നാതെയും എന്റെ രക്തം കുടിക്കാതെയും ഇരിക്കുന്നവന് ജീവൻ ഇല്ല എന്ന് കർത്താവ് മുന്നറിയിച്ചിരുന്നു.

ഇന്ന് ആളുകൾ ക്രിസ്തുവിന്റെ അധികാരത്തെയും, ക്രിസ്തുവിന്റെ

സഭയെയും, ക്രിസ്തുവിന്റെ മാതൃകയെയും, അവന്റെ ആരാധനയെയും, അവന്റെ ഉപദേശത്തെയും എല്ലാം മാറ്റിയിരിക്കുകയാണ്. എന്നാൽ അതിനെല്ലാം അവർ ന്യായവിധി നാളിൽ ദൈവത്തോട് കണക്ക് കൊടുക്കേണ്ടി വരും എന്ന കാര്യം സ്പഷ്ടമാണ്. യോഹന്നാൻ തന്റെ സുവിശേഷ പുസ്തകത്തിന്റെ അവസാന ഭാഗങ്ങളിൽ എഴുതിയതിന്റെ ഉദ്ദേശം വ്യക്തമാക്കിയിരിക്കുന്നു. "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30, 31). താൻ കൈക്കൊള്ളുന്നവരെയും സ്നേഹിക്കുന്നവരെയും ദൈവം ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യും. കാരണം അവൻ നമ്മെ മക്കളായി കാണുന്നു. ദൈവത്തിന്റെ വാൽസല്യം അവന്റെ അച്ചടക്കത്തിൽ നമുക്ക് കാണാം.

യേശു സൗമ്യതയും താഴ്മയും ഉള്ളവനായിരുന്നു എങ്കിലും അവൻ ആത്മിയകാര്യങ്ങളിൽ കർക്കശക്കാരനായിരുന്നു എന്നു നമുക്ക് വേദഭാഗങ്ങളിൽനിന്നു വ്യക്തമാണ്. ദൈവാലയത്തെ കച്ചവടസ്ഥാനമാക്കിയതിനെ യേശു നിശിതമായി വിമർശിച്ചു. ദൈവാലയത്തെ പ്രാർത്ഥനാലയമായി മാത്രമെ ഉപയോഗിക്കാവു എന്ന് അവൻ പറഞ്ഞു. അതിശയിപ്പിക്കുന്ന സ്വഭാവവിശേഷതയാണ് യേശുവിൽ നാം കാണുന്നത്. യേശു കാണിച്ചതായ എരിവ് ക്രിസ്ത്യാനികളിൽ ഉണ്ടോ എന്നു സംശയമാണ്. യഥാർത്ഥ പരിവർത്തനം നടക്കാത്ത അംഗങ്ങളുടെ ദൂഷണ പ്രവൃത്തികളെയും അക്രൈസ്തവർക്കിടയിൽ അവമതിപ്പുണ്ടാക്കുന്ന രീതിയിലുള്ള പരദൂഷണം നടത്തുന്നതിനെയും ഇല്ലാതാക്കുവാൻ ഉപദേഷ്ടാക്കന്മാർ ശ്രമിക്കണം. കർത്താവിന്റെ സഭക്കുള്ളിൽനിന്നു തന്നെ ക്രിസ്തുവിന്നു ശത്രുക്കൾ ഉണ്ടാകുന്നതു കേവലം ഖേദകരമാണ്. ക്രിസ്തുവിലായി തീർന്നവർ ക്രിസ്തുവിനെ പോലെ ജീവിക്കണം. ദൈവേഷ്ടത്തിന് തന്നെ പൂർണ്ണമായും ഏൽപിച്ചുകൊടുത്ത കർത്താവ് തികച്ചും നമ്മെ തിരുത്തുവാൻ യോഗ്യൻ തന്നെ. യേശു പാപത്തെ പൂർണ്ണമായി ത്യജിച്ചവനായിരുന്നു. അറിഞ്ഞോ അറിയാതെയോ നമ്മിലേക്ക് പാപം കടന്നുവരുവാൻ നാം അനുവദിക്കുന്നത് ലജ്ജാകരമാണ്. ക്രിസ്ത്യാനികൾ സകല നീതിയും പ്രാവർത്തികമാക്കേണ്ടവരാണ്. കാരണം നമ്മെ നീതീകരിക്കുന്നത് നീതിമാനായ ക്രിസ്തു ആണ്.

✱

# രണ്ട് കൽപനകൾ

## ജെ. എൽ. ലെയിസ്റ്റേ

എല്ലാറ്റിലും മുഖ്യമായ കൽപന ഏതെന്ന് ശാസ്ത്രിമാരിൽ ഒരാൾ വന്ന് യേശുവിനോട് ചോദിച്ചു. നമുക്ക് ആ സന്ദർഭം ഒന്നു പരിശോധിക്കാം. "ശാസ്ത്രിമാരിൽ ഒരുവൻ അടുത്തുവന്ന് അവർ തമ്മിൽ തർക്കിക്കുന്നത് കേട്ടു അവൻ അവരോട് നല്ലവണ്ണം ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ട്, എല്ലാറ്റിലും മുഖ്യ കൽപന ഏതെന്ന് അവനോട് ചോദിച്ചു. അതിന്നു യേശു എല്ലാറ്റിലും മുഖ്യകൽപനയോ, യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്; നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. എന്ന് ആകുന്നു. രണ്ടാമത്തേതോ കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം എന്നത്രെ; ഇവയിൽ വലുതായിട്ടു മറ്റൊരു കൽപനയും ഇല്ല എന്ന് ഉത്തരം പറഞ്ഞു. ശാസ്ത്രി അവനോട് നന്ന്, ഗുരോ, നീ പറഞ്ഞതു സത്യം തന്നെ. ഏകനേയുള്ളു, അവൻ അല്ലാതെ മറ്റാരുമില്ല" (മർക്കൊ. 12:28-32).

തുടർന്നുള്ള വേദഭാഗങ്ങൾ വ്യക്തമാക്കുന്നത് യേശുവിനെ പിടിച്ച് വിചാരണ ചെയ്യുകയും ക്രൂശിൽ തറെച്ചു കൊല്ലുകയുമായിരുന്നു എന്നാണ്. പരീശന്മാരും, ഹെരോദ്യരും, സദൂക്യരും യേശുവിനെ വാക്കിൽ കുടുക്കുവാൻ പലപ്പോഴായി ശ്രമിച്ചിരുന്നു. ഇപ്പോൾ പരിശീന്മാരുടെ കൂട്ടത്തിൽ പെട്ട ന്യായപ്രമാണം പഠിച്ച ഒരു ശാസ്ത്രി വന്ന് യേശുവിന് പ്രകോപനം ജനിപ്പിക്കുന്ന ഒരു ചോദ്യം ചോദിച്ചു. കൽപനകളിൽ വെച്ച് ഏറ്റവും വലിയ കൽപന ഏത് എന്നായിരുന്നു അയാളുടെ ചോദ്യം. "മോശെയുടെ ന്യായപ്രമാണത്തിൽ ഏകദേശം 600 നിയമാവലികൾ ഉണ്ടെന്നായിരുന്നു അന്നത്തെ റബ്ബിമാർ കണക്കാക്കിയിരുന്നത്. മറ്റു കൽപനകളിൽനിന്നും ഏതു കൽപനയാണ് അധിക പ്രാധാന്യമുള്ളത് എന്ന കാര്യത്തിൽ വാദങ്ങളും തർക്കങ്ങളും നടന്നിരുന്നു. ആകയാൽ ഈ ചോദ്യത്തിന് യേശു എങ്ങനെ ഉത്തരം പറയും? ആ ചോദ്യത്തിന് മറു ചോദ്യം ചോദിക്കുവാനോ, നിഷേധിക്കുവാനോ അവഗണിക്കുവാനോ കഴിയാത്ത വിധത്തിലായിരുന്നു അവൻ മറുപടി പറഞ്ഞത്. ദൈവശ്വാസിയ വച

നത്തിൽനിന്നായിരുന്നു യേശു മറുപടി പറഞ്ഞത് (ആവർത്തനപുസ്തകം 6:4, 5). യെഹൂദന്മാർ അനുസരിച്ചുപോന്ന മോശെയുടെ ന്യായപ്രമാണത്തിലെ ഒരു ഭാഗമായിരുന്നു യേശു പറഞ്ഞത്. അവന് ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ ഒരു മടിയുമില്ലായിരുന്നു. അവന്റെ ഉത്തരം ഉചിതവും ബഹുമാന്യവും ആധികാരികവുമായിരുന്നു. കൂടാതെ അവന്റെ ഉത്തരത്തിലെ തത്വം ഇന്നു ക്രിസ്ത്യാനികൾക്കും ബാധകമാണ് (മത്തായി 6:33; യോഹന്നാൻ 14:23; റോമർ 8:28 തുടങ്ങിയ വാക്യങ്ങൾ പരിഗണിക്കുക). ദൈവം ഏകനേയുള്ളു. നമ്മുടെ ഏറ്റവും ഉയർന്ന സ്നേഹം പൂർണ്ണമായും നാം അവന് നൽകണം (1 കൊരിന്ത്യർ 8:4; 1 തിമൊഥെയൊസ് 2:5; എഫെസ്യർ 4:4-6 നോക്കുക).

സ്നേഹം എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം ഉദാത്തമാണ്. അത് ഉത്തമവും മഹത്തായതുമായ മനോഭാവത്തെയാണ് കാണിക്കുന്നത്. മറ്റു മനോഭാവങ്ങളായ ഭയം, ആശ്രയം, പ്രത്യാശ തുടങ്ങിയവക്ക് വ്യക്തിപരവും സ്വാർത്ഥവുമായ വികാരങ്ങളാണുള്ളത്. എന്നാൽ ക്രിസ്തു പറഞ്ഞ സ്നേഹം പരിമിതിയില്ലാത്തതാണ്. യാതൊരു നിബന്ധനയും ഉൾപ്പെടുത്താത്ത മനോഭാവമാണ് അത്. അത് മറ്റൊരാളിൽ സ്വയമായി പ്രകടിപ്പിക്കുന്നതും സന്തോഷം ജനിപ്പിക്കുന്നതുമാണ്. അത്തരത്തിൽ സ്നേഹം പ്രകടിപ്പിക്കുവാൻ ദൈവമല്ലാതെ ആരാണുള്ളത്? ദൈവത്തോടുള്ള നമ്മുടെ അനുസരണത്തിന്റെ ഫലം നമുക്ക് അതിനുശേഷം അനുഭവപ്പെടും.

ദൈവം സ്നേഹം ആകുമ്പോൾ, നമ്മുടെ ഹൃദയത്തിൽനിന്ന് സ്നേഹം പുറപ്പെടുന്നില്ലെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നില്ല എന്നു സ്പഷ്ടം. ഹൃദയം, ആത്മാവ്, മനസ്, ശക്തി എന്നിവയുടെ പൂർണ്ണമായ അർത്ഥം പലരും ചോദ്യം ചെയ്തിട്ടുണ്ട്. മനുഷ്യരുടെ ആഗ്രഹങ്ങൾ ധാർമ്മിക പ്രതിഫലനങ്ങൾ, വിചാരം, വിവേകം, ബുദ്ധി, മനസിലാക്കൽ, ആത്മാർത്ഥത, ഓരോ വ്യക്തിത്വത്തിന്റേയും ഉദ്ദേശം, എന്നിവയിൽ ദൈവികമായ സ്വാധീനം എങ്ങനെയെല്ലാം നടക്കുന്നു എന്ന് നമുക്ക് മുഴുവൻ അറിയില്ല. നമ്മുടെ കഴിവുകളും മനോഭാവങ്ങളും, സ്നേഹവും നാം പൂർണ്ണമായിട്ടാണ് പ്രകടിപ്പിക്കേണ്ടത്. വാസ്തവത്തിലുള്ള മതം എന്നു പറയുന്നത് ദൈവത്തോടുള്ള പൂർണ്ണമായ സമർപ്പണമാണ്. യേശു തന്റെ ഉത്തരത്തിൽ അധികം

കൂട്ടിച്ചേർത്തിരിക്കുന്നു. ഒന്നാമത്തെ കൽപനയോട് തുല്യപ്രാധാന്യത്തോടെയാണ് അവൻ രണ്ടാമത്തെ കൽപനയെ പറഞ്ഞിരിക്കുന്നത്. വീണ്ടും അവൻ ഉദ്ധരിച്ചത് ദൈവത്തിന്റെ വചനമാണ്. “നിന്റെ ജനത്തിന്റെ മക്കളോട് പക വെക്കരുത്; കൂട്ടുകാരനെ നിന്നെപോലെ തന്നെ സ്നേഹിക്കേണം” (ലേവ്യാ പുസ്തകം 19:18). “അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു” (1 യോഹന്നാൻ 4:19). ധാർമ്മികമായ ഏറ്റവും വലിയ കടമയാണ് സ്നേഹം. നമ്മെ ദൈവം സ്നേഹിച്ചതുകൊണ്ട് നമ്മുടെ കൂട്ടുകാരനെ സ്നേഹിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

ആരാണ് നമ്മുടെ കൂട്ടുകാരൻ? ഒരു ഉപമയിൽ കൂടെ യേശുക്രിസ്തു അത് നമുക്ക് വ്യക്തമാക്കി തരുന്നു (ലൂക്കൊസ് 6:27-38). നാം എല്ലാ വ്യക്തികളോടും സുവിശേഷം അറിയിക്കേണ്ടതിന്റെ കാരണങ്ങളിൽ ഒന്ന് ഇതാണ്. ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുന്നതിനാൽ അവന്റെ മഹത്തായ മനോഭാവമായ സ്നേഹം നാം മറ്റുള്ളവർക്ക് പകർന്നു കൊടുക്കണം. ക്രിസ്തു മുഖാന്തരം നാം ദൈവത്തെ സ്നേഹിക്കുന്നതിന്റെയും സുവിശേഷം വ്യാപിപ്പിക്കുന്നതിന്റെയും അടിസ്ഥാന തത്വം ഇതാണ് (റോമർ 13:8-10; 1 കൊരിന്ത്യർ 13). നിർമ്മലമായ സ്നേഹത്തെയാണ് സുവിശേഷ സന്ദേശം വ്യക്തമാക്കുന്നത്. ദൈവിക മനുഷ്യരെ നമുക്ക് വിഭജിക്കുവാൻ സാധ്യമല്ല. വാസ്തവത്തിൽ ദൈവം എല്ലാവരെയും യോജിപ്പിച്ചു നിർത്തുവാനാണ് ആഗ്രഹിക്കുന്നത്. ആദ്യം നാം ദൈവത്തെ ആണ് സ്നേഹിക്കേണ്ടത്. ദൈവം നമ്മുടെ സൃഷ്ടികർത്താവും പിതാവും ആകയാൽ ഊഷ്മളമായ ബന്ധം ഇദംപ്രഥമമായി നാം പ്രകടിപ്പിക്കേണ്ടത് ദൈവത്തോടാണ്. നമുക്ക് അവനുമായിട്ടാണ് കാര്യമുള്ളത്. മറ്റുള്ള ബന്ധങ്ങളെല്ലാം പിന്നീടുണ്ടാകുന്നതാണ്.

ദൈവം നൽകിയ ഈ കൽപനകളിൽ രണ്ടാമത്തേതിനെ ഒന്നാമത്തേതിൽനിന്നു വേർപെടുത്താവുന്നതല്ല. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം അതാണ് സൂചിപ്പിക്കുന്നത്. ദൈവത്തെയും മനുഷ്യരെയും യഥാർത്ഥത്തിൽ സേവിക്കുന്നതാണ് അവനെ സ്നേഹിക്കുന്നു എന്നു പറയുന്നത്. നമ്മുടെ സ്നേഹത്തിനും സേവനത്തിനും ദൈവം അർഹനാണ്. യേശുക്രിസ്തുവിന്റെ ഉത്തരത്തോടുള്ള ശാസ്ത്രിയുടെ പ്രതികരണത്തെ യേശു അഭിനന്ദിക്കുകയാണ് ചെയ്തത്. പിന്നെ ഒരു കാര്യം കൂടെ പറഞ്ഞു, “നീ ദൈവരാജ്യത്തോട്

അകന്നവനല്ല." ശരിയായ വിധത്തിൽ ദൈവത്തെയും കൂട്ടുകാര നെയും സ്നേഹിക്കുന്ന ഈ കൽപനകൾ മറ്റെല്ലാ കൽപനകളെ ക്കാളും ഉയർന്നതാണെന്നും പറഞ്ഞു. ആ ന്യായശാസ്ത്രി ന്യായ പ്രമാണത്തെ മനസിലാക്കിയവനായിരുന്നു. അതുകൊണ്ടായിരുന്നു അവൻ ക്രിസ്തുവിന്റെ ഉത്തരത്തോട് യോജിച്ചത്. ദൈവം ഏക നെന്ന് യിസ്രായേൽ വിശ്വസിച്ചിരുന്നു. യഹോവയെ അവർ പിതാ വായും അംഗീകരിച്ചിരുന്നു. ദൈവത്തിനു മനുഷ്യരോടുള്ള ബന്ധവും മനുഷ്യർക്ക് ദൈവത്തോടുള്ള ബന്ധവും എപ്രകാരം ആയിരിക്കണം എന്ന് ദൈവം വളരെ വ്യക്തമായി പ്രതിപാദിച്ചിരുന്നു. മോശെ മുഖാ ന്തരം ദൈവം യെഹൂദന്മാർക്ക് നൽകിയ ന്യായപ്രമാണം അവർ അങ്ങനെ തന്നെ അനുസരിച്ചിരുന്നു എങ്കിൽ അവർ വാസ്തവമായും അനുഗ്രഹിക്കപ്പെടുമായിരുന്നു.

മോശെയുടെ ന്യായപ്രമാണത്തെ യേശു സംക്ഷിപ്തമായി പറ ഞ്ഞിരിക്കുകയാണ് ഈ ഉത്തരത്തിൽകൂടെ. ദൈവം ഏകൻ തന്നെ എന്നത് എല്ലായ്പോഴും സത്യമായ വസ്തുതയാണ് (സങ്കീർത്തന ങ്ങൾ 90:2; യെശയ്യാവ് 40:28; മലാഖി 3:6; യാക്കോബ് 1:17). പുതിയ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടെ ന്യായപ്രമാണം നീങ്ങ പ്പെട്ടു എങ്കിൽ ക്രിസ്തു പറഞ്ഞ ഉത്തരത്തിലെ തത്വം പുതിയനിയ മകാലത്തെ ക്രിസ്ത്യാനികൾക്കും ബാധകമാണ് (2 കൊരിന്ത്യർ 3:6-13; ഗലാത്യർ 3:24, 25; കൊലൊസ്യർ 2:14; എബ്രായർ 7:12).

നമ്മുടെ മുഴുവൻ വ്യക്തിത്വത്താലും നാം ദൈവത്തെ സ്നേഹി ക്കണം. സ്ത്രീപുരുഷന്മാരെ അവരുടെ പാപങ്ങളിൽനിന്നു രക്ഷി പ്പാനാണ് ക്രിസ്തു മരിച്ചത്. ഓരോരുത്തരും സ്നേഹം പ്രകടിപ്പി ക്കേണ്ടത് സ്വയമായിട്ടാണ്. ദൈവം തന്റെ സ്നേഹം തന്റെ പുത്രൻ മുഖാന്തരം പ്രദർശിപ്പിച്ചു. നാം അത് മടക്കി നൽകണം. ദൈവിക സ്നേഹം ഉൽപ്പാദിപ്പിക്കുന്നത് ദൈവികസ്നേഹം തന്നെയായിരി ക്കും. നിസ്വാർത്ഥമായ ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കു ന്നത് ദൈവിക മനോഭാവമാണ്. ആ ശാസ്ത്രിയോട് ഉത്തരം പറഞ്ഞ് യേശു ലോകത്തിനു മുഴുവൻ വാസ്തവത്തിലുള്ള മതപരമായ പ്രവൃത്തിയെയാണ് തുറന്നു കാണിച്ചത്.

✶

# മരണത്തിൽനിന്ന് ജീവനിലേക്ക്

ജെറാൾഡ് പാഡൻ

യശുക്രിസ്തുവിന്റെ മരണം, അടക്കം എന്നിവയുടെ സുവാർത്ത എന്താണ്? യേശു ക്രൂശിൽ മരിച്ച് കഴിഞ്ഞ് മൃതശരീരം അടക്കം ചെയ്യാതെ പത്തു മിനിറ്റിനുള്ളിൽ യേശുവിനെ ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്നു വിചാരിക്കുക. താത്വികമായി രണ്ട് ചോദ്യങ്ങൾ ഉയർന്നേക്കാം. അവൻ മരിച്ചു എന്ന് ആർ വിശ്വസിക്കും? അവൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്ന് ആർ വിശ്വസിക്കും? അടക്കം ചെയ്ത് മൂന്നു ദിവസം കഴിഞ്ഞപ്പോൾ മരിച്ചുകഴിഞ്ഞത് സ്ഥിരീകരിക്കുകയാണ്. മൂന്നാംനാൾ അവന്റെ കല്ലറ തുറക്കപ്പെട്ടതായി കണ്ടത് അവന്റെ ഉയർത്തെഴുന്നേൽപ് ഉറപ്പിക്കുന്നതായിരുന്നു. ക്രിസ്തു മരിച്ചുകഴിഞ്ഞ് അവന്റെ ശരീരം അടക്കം ചെയ്തത് അവന്റെ മരണത്തെയും ഉയിർപ്പിനെയും ബലപ്പെടുത്തുന്നതാണ്. മാത്രമല്ല അത് ദൈവത്തിന്റെ പദ്ധതിയുടെ നിറവേറ്റലും ആയിരുന്നു. അവന്റെ മരണവും ഉയിർപ്പും ദൈവം മുന്നറിയിച്ചിരുന്നതാണ്. ദൈവം സത്യവാനാണെന്ന് അത് തെളിയിക്കുന്നു.

മശിഹായുടെ ദൗത്യമായ വീണ്ടെടുപ്പും രക്ഷയും എപ്രകാരമായിരിക്കുമെന്ന് പ്രവചനത്തിൽകൂടെ ദൈവം മുന്നറിയിച്ചിരുന്നു. പഴയനിയമത്തിലുടനീളം നമുക്ക് ആ മുന്നറിയിപ്പുകൾ കാണുവാൻ കഴിയും. പക്ഷെ അത് അന്നത്തെ യെഹൂദ തലമുറക്ക് മനസിലായിരുന്നില്ല. ക്രിസ്തുവിന്റെ യാഗമായിരുന്നു വാസ്തവത്തിൽ അവന്റെ മരണവും അടക്കവും ഉയിർപ്പും. അത് ദൈവത്തിന്നു പ്രസാദകരമായി തീർന്നതിനാൽ പാപത്തിനു പൂർണ്ണമായ ഒരു പരിഹാരമായി തീർന്നു. അതിനാൽ നമുക്ക് പാപത്തിന്റെ കുറ്റബോധമില്ലാതെ ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ കഴിയുന്നു എന്നത് ആശ്വാസകരമായ കാര്യമാണ്. യേശുക്രിസ്തു മാത്രമാണ് മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റു പാപത്തെയും മരണത്തെയും തോൽപിച്ചത്. പരിശുദ്ധനായ ദൈവത്തിന് പാപിയായ മനുഷ്യനോട് ബന്ധം പുലർത്തുവാൻ കഴിയാത്തതിനാൽ യേശു നമുക്ക് പാപമില്ലാത്ത അവസ്ഥ നൽകി ദൈവത്തോട് അടുക്കുവാനുള്ള സാഹചര്യം ഒരുക്കി. കൂടാതെ അവൻ നമുക്ക് നിത്യജീവനും വാഗ്ദാനം ചെയ്തിരിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.

അന്യോന്യം ബന്ധപ്പെട്ടിരിക്കുന്ന മൂന്നു അടിസ്ഥാനപരമായ വസ്തുതകളിൽ സുവിശേഷം പൗലൊസ് ചുരുക്കി പറഞ്ഞിരിക്കുന്നു. ആ മൂന്നു വസ്തുതകളിൽ ഏതെങ്കിലും ഒന്നു നീക്കം ചെയ്താൽ സുവാർത്ത സുവിശേഷം അല്ലാതാകും. അടിസ്ഥാനമായി പുതിയ നിയമത്തിൽ ആ മൂന്നു ദൈവിക കാര്യങ്ങൾ വേരൂന്നിയിരിക്കുകയാണ്. "എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്ക് ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നുഎന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചത് തന്നെ നിങ്ങൾക്ക് ആദ്യമായി ഏൽപിച്ചു തന്നുവല്ലോ" (1 കൊരിന്ത്യർ 15:1-4).

സുവിശേഷത്തെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത്, ക്രിസ്തുവിൽനിന്നു ലഭിച്ചത് ഞാൻ നിങ്ങൾക്ക് ഏൽപിച്ചു തന്നിരിക്കുന്നു എന്നാണ്. അവന് ദൈവശ്വാസിയമായി നേരിട്ടു ലഭിച്ച സന്ദേശമാണ് മറ്റുള്ളവരോട് അറിയിച്ചത്. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള മൂന്നു വസ്തുതകളായിരുന്നു പൗലൊസ് വെളിപ്പെടുത്തിയത്. പാപത്തെയും അതിന്റെ ശിക്ഷയായ മരണത്തെയും യേശു തന്റെ മരണത്താൽ നീക്കി. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടിയാണ് മരിച്ചത്. അത് തിരുവെഴുത്തുകളിൻപ്രകാരമായിരുന്നു. മനുഷ്യർക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ദാനമാണ് ദൈവകൃപയാലുള്ള രക്ഷ. ഈ ലോകത്തിന് അടിസ്ഥാനം ഇടുന്നതിനു മുൻപു തന്നെ ദൈവം തന്റെ പദ്ധതിയിൽ ഈ യാഗത്തെ ഉൾപ്പെടുത്തിയിരുന്നു. സ്ത്രീയുടെ സന്തതി പിശാചിന്റെ തല തകർക്കും എന്ന് ദൈവം ആരംഭത്തിൽ മുന്നറിയിച്ചിരുന്നു(ഉൽപത്തി 3:15). യേശുവിനെ ഭൂമിയിലേക്ക് അയച്ചതു പിതാവായിരുന്നു. യേശു ഈ ഭൂമിയിൽ ചെയ്തതെല്ലാം പിതാവിന്റെ ഇഷ്ടമായിരുന്നു. അവൻ സ്വയമായി മരണത്തിന് തന്നെ ഏൽപിച്ചു കൊടുക്കുകയായിരുന്നു. ആലങ്കാരികമായി പാപികൾ യേശുവിന്റെ മരണത്തോടും അടക്കത്തോ

ടും പങ്കാളികളാകേണ്ടിയിരിക്കുന്നു. യേശു മനുഷ്യരുടെ സകല അകൃത്യങ്ങൾക്കും പൂർണ്ണമായ പരിഹാരമാണ് വരുത്തിയത്. ഒരു തികവുള്ള യാഗം ദൈവസന്നിധിയിൽ അർപ്പിക്കുവാൻ യേശുവിന് കഴിഞ്ഞതു നിമിത്തമാണ് അവൻ സകലർക്കും പക്ഷവാദം ചെയ്യുവാൻ യോഗ്യനായത്.

ക്രിസ്തുവിന്റെ മരണവും അടക്കവും ഉയിർപ്പും ദൈവിക പ്രവചന സാക്ഷാത്ക്കാരമായിരുന്നു. "നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ നീ വിട്ടുകൊടുക്കയില്ല എന്നു പറയുന്നു. ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനക്ക് ശുശ്രൂഷ ചെയ്ത ശേഷം നിദ്ര പ്രാപിച്ചു തന്റെ പിതാക്കന്മാരോട് ചേർന്നു ദ്രവത്വം കണ്ടു (പ്രവൃത്തികൾ 13:35, 36). "സന്ധ്യയായപ്പോൾ അരിമത്ഥ്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ വന്നു പിലാത്തൊസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. പിലാത്തൊസ് അത് ഏൽപിച്ചുകൊടുപ്പാൻ കൽപന കൊടുത്തു, യോസേഫ് ശരീരം എടുത്ത് നിർമ്മല ശീലയിൽ പൊതിഞ്ഞു, താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ല് ഉരുട്ടിവെച്ചിട്ടു പോയി"(മത്തായി 27:57-60).

1 കൊരിന്ത്യർ 15 ൽ സുവിശേഷത്തെ വിശദമാക്കിയപ്പോൾ അവസാനം പറയുന്നത് ഉയിർത്തെഴുന്നേൽപാണ്. കല്ലറ ശൂന്യമായി കണ്ടപ്പോൾ അത് അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതിന്റെ തെളിവായിരുന്നു. സുവിശേഷ പുസ്തകങ്ങളെല്ലാം യേശുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയെ ഉറപ്പാക്കുന്നു. ആ ചരിത്ര സംഭവത്തെ ആർക്കും നിഷേധിക്കുവാൻ പറ്റാത്ത രീതിയിൽ ദൈവം അതിനെ എല്ലാവരിലേക്കും എത്തിച്ചു. യെശയ്യാവിന്റെ പുസ്തകത്തിലും സങ്കീർത്തനങ്ങളിലും ദൈവം പ്രവചിച്ച സംഭവമായിരുന്നു അത്. മശിഹയുടെ ആവിർഭാവം തന്നെ ആ ഉദ്ദേശം വെളിപ്പെടുത്തുന്നതായിരുന്നു. യേശു ജീവനോടെ ഭൂമിയിലായിരുന്നപ്പോൾ തന്റെ സ്നേഹിതനായ ലാസർ മരിച്ച് നാല് ദിവസം കഴിഞ്ഞപ്പോൾ യേശു ചെന്ന് ലാസറിനെ ഉയർപ്പിച്ചു. മരിച്ചവരെ ഉയർപ്പിക്കുവാൻ തനിക്ക് കഴിയും എന്നു യേശു തെളിയിച്ചിരുന്നു. നമ്മുടെ നീതീകരണത്തിനു വേണ്ടിയായിരുന്നു ദൈവം യേശുവിനെ ഉയർപ്പിച്ചത്. തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും

ജീവിക്കുമെന്ന് കർത്താവ് അരുളിച്ചെയ്തിരുന്നു. പുതിയ നിയമത്തിൽ പാപമോചനത്തിനു കൽപിച്ചിരിക്കുന്ന സ്നാനം യേശുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവയിൽ പങ്കു ചേരുന്നതിനാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സുവിശേഷം അനുസരിക്കുക എന്നു പറയുന്നതാണ് ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടുക എന്നത്. ആ അനുസരണം ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് (റോമർ 6:3, 4). "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുവാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:25).

അനേകം ആളുകൾ കുട്ടികളുടെ മേൽ അല്ലെങ്കിൽ മുതിർന്നവരുടെ മേൽ വെള്ളം കോരി ഒഴിച്ചോ അല്ലെങ്കിൽ വെള്ളം തളിച്ചോ സ്നാനം കൊടുക്കുന്നു. അത് ദൈവേഷ്ടത്തിനു വിരുദ്ധമാണ്. ദൈവത്തിന്റെ പദ്ധതിയെയും ഉദ്ദേശത്തെയും അവർ അവഗണിക്കുകയാണ്. അവർ സാമുദായിക പാരമ്പര്യത്തെയാണ് മുറുകെ പിടിക്കുന്നത്. ദൈവത്തിന്റെ പ്രവൃത്തി വിശ്വസിക്കുന്നവരിലാണ് വ്യാപരിക്കുന്നത് എന്ന് അവർ തിരിച്ചറിയുന്നില്ല. ശിശുക്കൾക്ക് പാപം ഇല്ലാത്തതിനാൽ അവർ ദൈവരാജ്യത്തിന് അവകാശികളാണ്. അവരെ തടുക്കരുത് എന്ന് കർത്താവ് തന്നെ കൽപിച്ചിരിക്കുന്നു (മത്തായി 19:14). ദൈവം പാപികളുടെ രക്ഷക്കായി ഒരുക്കിയിരിക്കുന്ന മാതൃകയെയാണ് അവർ തള്ളിക്കളഞ്ഞിരിക്കുന്നത്. അതുമൂലം ദൈവത്തിന്റെ രക്ഷ അവർക്ക് ലഭിക്കാതെ പോകുമെന്ന് അവർ മനസിലാക്കുന്നില്ല. തിരുവെഴുത്തിന്റെ അടിസ്ഥാനത്തിലാണ് നാം ഓരോ കാര്യവും നിർവ്വഹിക്കേണ്ടത്. ഈ കാര്യവും മറിച്ചാകരുത്.

സ്നാനം കൂടാതെ തന്നെ വിശ്വസിക്കുന്നവരെ ദൈവം രക്ഷിക്കുമെന്ന് കരുതുന്ന ആളുകൾ ധാരാളമാണ്. ഇന്ന് മതസംഘടനകൾ ഏറ്റവും പ്രധാനപ്പെട്ട ദൈവകൽപനകളെ കോട്ടി മറിച്ചാണ് പഠിപ്പിക്കുന്നത്. സാത്താൻ അവരുടെ മനസിനെ കുരുടാക്കി വെച്ചിരിക്കുകയാണ്. ക്രിസ്തുവിനോട് ബന്ധപ്പെടുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ നഷ്ടമാക്കുവാൻ ഇടയാകരുത്. ദൈവ കൽപനകളെല്ലാം നാം ഗൗരവത്തോടെ അങ്ങനെ തന്നെ അനുസരിക്കണം. അതിനു ഒരു വിട്ടുവീഴ്ച്ചയും വരുത്തരുത്.

# ദൈവമാണ് നിയന്ത്രിക്കുന്നത്

## റോബർട്ട് സ്വെയിൻ

എന്നെ മറ്റാർക്കും നിയന്ത്രിക്കുവാൻ കഴിയുകയില്ല എന്നോ നല്ല തീരുമാനങ്ങൾ എടുക്കുവാനോ നന്നായി ചിന്തിക്കുവാനോ എനിക്ക് സാധ്യമല്ല എന്ന അർത്ഥത്തിലല്ല ഞാൻ ഇത് പറയുന്നത്. എല്ലാറ്റിനേയും നിയന്ത്രിക്കുന്നത് ദൈവമാണ്. എന്നേയും ദൈവമാണ് നിയന്ത്രിക്കുന്നത്. പക്ഷെ ദൈവം ആരേയും അടിച്ചമർത്തി നിയന്ത്രിക്കുകയില്ല എന്ന കാര്യം നാം അറിയാതിരിക്കരുത്. ദൈവം എങ്ങനെയാണ് നമ്മെ നിയന്ത്രിക്കുന്നത് എന്നും നാം തിരിച്ചറിയണം. നമ്മുടെ അറിവും തോന്നലുമനുസരിച്ച് കാര്യങ്ങളെ മനസിലാക്കുന്നതിനനുസരിച്ചാണ് ഓരോന്നിനോടും പ്രതികരിക്കുന്നതും ഓരോന്നും ചെയ്യുന്നതും. ചിലർ വികാരാവേശത്തോടെ പ്രതികരിക്കും മറ്റുചിലർ സാവകാശം ചിന്തിച്ച് പ്രതികരിക്കും. നമ്മെ നിയന്ത്രിക്കുവാൻ സ്വയമായി കഴിയുകയില്ല എന്ന സത്യം നാം തിരിച്ചറിയണം. കാരണം നമ്മെ ശരിയായി നിയന്ത്രിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു എന്നതാണ് പരമാർത്ഥം.

പെട്ടെന്ന് നിങ്ങൾക്ക് നിങ്ങളെ നിയന്ത്രിക്കുവാൻ കഴിയാതെ വന്നാൽ നിങ്ങൾ എന്തു ചെയ്യും? പിന്നെ നിങ്ങളുടെ ജീവിതത്തിലോ അല്ലെങ്കിൽ നിങ്ങളുടെ വീട്ടിലോ നിങ്ങൾ വസിക്കുന്ന സമൂഹത്തിലോ എന്താണ് സംഭവിക്കുക? അപ്പോൾ നമ്മിൽ പലർക്കും കോപമാണ് ജനിക്കുക. അതിന് നാം മറ്റുള്ളവരെ പഴിക്കുമെന്നതും പരമാർത്ഥമാണ്. പ്രകൃതിദുരന്തങ്ങൾ ആകസ്മികമായുണ്ടാകുമ്പോൾ പലരും ദൈവത്തെ കുറ്റപ്പെടുത്തും. അതുകൊണ്ടൊന്നും പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയില്ല. പെട്ടെന്ന് ഒരു മഹാമാരിയോ കൊടുങ്കാറ്റോ ഉണ്ടായാൽ എന്തു ചെയ്യണം എന്ന് അറിയാതെ നമ്മിൽ പലരും പകച്ചുപോകും. കാരണം അവയെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയുകയില്ല. അതുപോലെ മാരകമായ ഒരു രോഗം പിടിപെട്ടാൽ ഡോക്ടർമാർക്ക് അതിന്റെ കാരണവും പ്രതിവിധിയും കണ്ടെത്തുവാൻ പ്രയാസമായിരിക്കും. അത് നമ്മുടെ ജീവിതത്തെ തന്നെ കാർന്നു തിന്നും എന്നോർക്കുക. അതുപോലെയുള്ള ഒന്നാണ് ഒരേ ഒരു കുട്ടി മാത്രമുള്ള ദമ്പതികൾക്ക് ആ കുട്ടി നഷ്ട

മാകുന്നത്. ഇത്തരം യാദൃശ്ചിക സംഭവങ്ങൾ നമ്മുടെ ആരുടേയും നിയന്ത്രണത്തിൽ പെടുന്ന കാര്യമല്ല. പഴയനിയമത്തിൽ ചരിത്രപരമായ ധാരാളം സംഭവങ്ങൾ ഇതുപോലെ നടന്നതായി നാം ബൈബിളിൽ വായിക്കുന്നു. ഉദാഹരണമായി യിസ്രായേൽ ജനം മിസ്രയിമിൽ അടിമകളായിരുന്നപ്പോൾ അവരെ മോചിപ്പിക്കുവാൻ ദൈവം മോശെയെ അയച്ചു. ദൈവത്തെ ആരാധിക്കുവാൻ ദൈവജനത്തെ വിട്ടയക്കുവാനായി അവർ ഫറവോനോട് ആവശ്യപ്പെട്ടു. ഫറവോൻ അത് കൂട്ടാക്കിയില്ല. കാരണം യിസ്രായേൽ ജനത്തെ ഉപയോഗിച്ച് അവർ അവിടെ ധാരാളം ജോലികൾ നടത്തി വരികയായിരുന്നു. എന്നാൽ ദൈവം പല അത്ഭുതപ്രവൃത്തികൾ ചെയ്തു. പത്തു ബാധകളെ അയച്ചു. അവസാനത്തെ ബാധ കടിഞ്ഞൂൽ സംഹാരമായിരുന്നു. അങ്ങനെ അവർ ആ ജനത്തെ വിട്ടയച്ചു.

പഴയ നിയമത്തിൽ യെഹോശാഫാത്ത് എന്ന ഒരു മനുഷ്യന്റെ ചരിത്രം  നാം 2 ദിനവൃത്താന്തം 20:1-13 ൽ വായിക്കുന്നു. "അതിന്റെ ശേഷം മോവാബ്യരും അമ്മോന്യരും അവരോടുകൂടെ മെയൂന്യരിൽ ചിലരും യെഹോശാഫാത്തിനോട് യുദ്ധത്തിന്നു വന്നു. ചിലർ വന്നു യെഹോശാഫാത്തിനോട്, വലിയോരു ജനസമൂഹം കടലിനക്കരെനിന്ന് അരാമിൽനിന്നു നിന്റെ നേരെ വരുന്നു. യെഹോശാഫാത്ത് ഭയപ്പെട്ടു. യഹോവയെ അന്വേഷിപ്പാൻ താൽപര്യപ്പെട്ടു. യെഹൂദയിൽ ഒക്കെയും ഒരു ഉപവാസം പ്രസിദ്ധമാക്കി. യഹോവയോട് സഹായം ചോദിപ്പാൻ യെഹൂദന്മാർ ഒന്നിച്ചുകൂടി. സകല യെഹൂദന്മാരും യെരുശലേമ്യരും രാജാവും ഒത്തൊരുമിച്ച് ദൈവസഹായത്തിനോയി ദൈവത്തോട് യാചിക്കയും ദൈവം അവർക്ക് മറുപടി നൽകുകയും ചെയ്തു. ഭയപ്പെടാതെ ധൈര്യത്തോടെ നിൽക്കുവാൻ ദൈവത്തിന്റെ അരുളപ്പാട് അവർക്ക് ലഭിച്ചു, യഹോവ സ്ഥിരമായി നിന്നു നിങ്ങൾക്ക് വരുത്തുന്ന രക്ഷ കണ്ടുകൊൾവിൻ. യുദ്ധം അവരുടേതായിരുന്നില്ല, യഹോവയുടേതാണെന്ന് ദൈവം അവരെ ഓർപ്പിച്ചു." രാജാവായിരുന്നിട്ടും വലിയോരു സമൂഹം അവന് എതിരായി വന്നപ്പോൾ യെഹോശാഫാത്ത് ഭയപ്പെട്ടു. യഹോവ അവനോടുകൂടെ ഉണ്ടെന്ന് കേട്ടപ്പോൾ അവൻ ധൈര്യപ്പെട്ടു. ദൈവത്തിന്റെ ആലോചനയായിരുന്നു അവർക്ക് ആവശ്യം. സകല മനുഷ്യർക്കും സർവ്വശക്തനായ ദൈവത്തിന്റെ സഹായ

മാണ് ആവശ്യം. വിഷമ സന്ധികൾ നേരിടുമ്പോൾ നാം ആരെയും പഴിക്കാതെ ദൈവസഹായം തേടുകയാണ് വേണ്ടത്. ഒരു ദേശം മുഴുവൻ കൂടി വന്ന് യഹോവയെ അന്വേഷിക്കുവാൻ തുടങ്ങി എന്നാണ് നാം യെഹോശാഫാത്തിന്റെ സംഭവത്തിൽ വായിക്കുന്നത്. അവർ ദൈവത്തെ വണങ്ങി അവനോട് പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ രാജാവ് പറഞ്ഞത്, ആ വലിയ ജനസമൂഹത്തെ നേരിടുവാൻ ഞങ്ങൾക്ക് ശക്തിയില്ല. പിശാചിനോടും അവന്റെ ശക്തിയോടും പോരാടുവാൻ നമുക്ക് ശക്തിയില്ല. എന്നാൽ ക്രിസ്തു നമ്മിൽ വസിച്ചാൽ നമുക്ക് പിശാചിനെ പരാജയപ്പെടുത്തുവാൻ കഴിയും എന്ന പ്രത്യാശ നമുക്ക് ക്രിസ്തു നൽകുന്നു.

നമുക്ക് മനസിലാക്കുവാൻ പ്രയാസമായാലും നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ദൈവമാണ് സർവ്വത്തെയും നിയന്ത്രിക്കുന്നത്. ഏതൊരു ഭൂകമ്പമായാലും, മഹാമാരിയായാലും, കൊടുങ്കാറ്റായാലും അവയെ നിയന്ത്രിക്കുവാൻ കർത്താവിനു കഴിയും എന്ന് യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ ബോധ്യമാക്കി. തെളിയിക്കപ്പെട്ട സംഭവങ്ങൾ നമുക്ക് വിശ്വസിക്കാം. നാം ദൈവത്തെ ഉപേക്ഷിക്കാതിരുന്നാൽ, ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. അവനെ അന്വേഷിക്കേണ്ട വിധത്തിൽ അന്വേഷിച്ചാൽ അവനെ കണ്ടെത്തുവാൻ കഴിയും. അവനോട് യാചിക്കേണ്ടവിധത്തിൽ യാചിച്ചാൽ അവൻ അത് കേൾക്കും. സൈന്യശക്തിയാൽ യുദ്ധം ജയിക്കുവാൻ സാധ്യമല്ലെന്ന് ആ രാജാവിനു ബോധ്യമുണ്ടായിരുന്നു. തന്റെ ഭാഗത്തെ കുറവ് അയാൾ തിരിച്ചറിഞ്ഞു. ആ രാജാവിൽനിന്ന് നമുക്ക് ലഭിക്കുന്ന പാഠം എന്തെന്നാൽ നമുക്ക് നിയന്ത്രിക്കുവാൻ കഴിയാത്ത കാര്യങ്ങൾ ദൈവത്തിനു കഴിയും എന്നതാണ്. പക്ഷെ അതിനു നാം ദൈവത്തിൽ ആശ്രയിക്കണം.

തനിക്കുള്ളതെല്ലാം ഏകദേശം നഷ്ടമായി, ആരോഗ്യവും ക്ഷയിച്ചുതുടങ്ങി, എന്നിട്ടും തന്റെ ദൈവത്തിലുള്ള ആശ്രയവും ഭക്തിയും ഇയ്യോബ് വിട്ടുകളഞ്ഞില്ല. തൻനിമിത്തം ദൈവം അവന് പിന്നീട് നൂറുമടങ്ങ് സമൃദ്ധി നൽകി. തന്റെ നിയന്ത്രണത്തിൽ പെടാത്ത കാര്യങ്ങളിൽ അവൻ ആരെയും പഴിച്ചില്ല എന്ന ഒരു നല്ല ഗുണം ഇയ്യോബിൽ നാം കാണുന്നു. നമ്മളും അങ്ങനെയായിരിക്കണം.

✱

Watch!

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!